# നഗരശുചീകരണവും വൃക്ഷത്തൈ നടലും

**പുല്ലള്ളി:** സ്റ്റുഡൻറ് പോലീസ് ജില്ലാ ക്യാമ്പിൻെറ ഭാഗമായി കുട്ടി പോലീസുകാർ ടൗൺ ശുചീകരണവും വൃക്ഷത്തൈ നടലും നടത്തി.

പോലീസ് വാഹനത്തിൽ ടൗണിലെത്തിയ പരിശീലകർ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് വിവിധ ഗ്രൂപ്പുകളായി നീങ്ങി.

സാമൂഹ്യാരോഗ്യകേന്ദ്ര കോമ്പൗണ്ടിൽ ഔഷധച്ചെടികൾ നട്ട് അഡ്മിനിസ്ട്രേഷൻ ഡിവൈ.എസ്.പി. പ്രിൻസ് എബ്രാഹം ഉദ്ഘാടനം ചെയ്തു. എ.ആർ. ക്യാമ്പിലെ സർക്കിൾ ഇൻസ്പെക്ടർ ലോഹിതാക്ഷൻ അധ്യക്ഷനായി.

അസി. കോ-ഓർഡിനേറ്റർ ജോർജ്കുട്ടി, സ്കൂൾ പി.ടി.എ. പ്രസിഡൻറ് എൻ.സി. തങ്കച്ചൻ, അധ്യാപകൻ കെ.പി.ഗോവിന്ദൻകുട്ടി തുടങ്ങിയവർ നേതൃത്വം നൽകി.

## കരിന്തണ്ടൻ പ്രസ്ഥാനം തൊഴിൽ പരിശീലനം നല്കും

**കല്പറ്റ:** ഡയമണ്ട് സിറ്റിസൺ വെൽഫെയർ ട്രസ്റ്റ് 'കരിന്തണ്ടൻ പ്രസ്ഥാനത്തിലൂടെ' ആദിവാസികൾക്ക് തൊഴിൽ പരിശീലനം നല്കുന്നു.

വയനാട്ടിൽ സുലഭമായി ലഭിക്കുന്ന മുള, സുഗന്ധവ്യഞ്ജനങ്ങൾ, ചക്ക, പുല്ല്, പച്ചക്കറികൾ എന്നിവയുപയോഗിച്ച് മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കാനാണ് പരിശീലനം. ഇതിനു പുറമെ ആദിവാസികളുടെ വിദ്യാഭ്യാസം പരിപോഷിപ്പിക്കുക, കല, കായികരംഗങ്ങളിൽ പരിശീലനംനല്കുക, പാരമ്പര്യ കലകളും സംസ്കാരവും പുനർജീവിപ്പിക്കുക, ജില്ലയിലെ തനത് ഉത്പന്നങ്ങളുടെ പ്രദർശനം നടത്തി, ഇതിൽ നിന്ന് ലഭിക്കുന്നവരുമാനം ആദിവാസികൾക്ക് നല്കുക തുടങ്ങിയവയാണ് ട്രസ്റ്റ് ലക്ഷ്യമിടുന്നത്. ഫോൺ: 04936205383, 9446373834.

## മത്സ്യത്തീറ്റയ്ക്ക് സബ്സിഡി

**കല്പറ്റ:** മത്സ്യസമൃദ്ധി പദ്ധതിയിൽ 2013-ൽ മത്സ്യക്കുഞ്ഞുങ്ങളെ കൈപ്പറ്റിയ ജില്ലയിലെ കർഷകർക്ക് മത്സ്യത്തീറ്റസബ്സിഡിക്ക് മെയ് 10 വരെ അപേക്ഷിക്കാം.

ഹെക്ടറിന് പതിനായിരം രൂപയാണ് സബ്സിഡി. മത്സ്യക്കുഞ്ഞുങ്ങളുടെ വില, പാക്കിങ് ചാർജ് എന്നിവ കുറയ്ക്കും. താത്പര്യമുള്ളവർ അതത് ഗ്രാമപ്പഞ്ചായത്തുകളിലെ അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർക്ക് ബില്ലുകളും വൗച്ചറുകളും നൽകണം.

ജലാശയം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നവർ പാട്ടക്കരാറിൻെറ പകർപ്പും നൽകണം. കൂടുതൽ വിവരങ്ങൾ മത്സ്യസമൃദ്ധി ജില്ലാ പ്രോജക്ട് ഓഫീസിൽ ലഭിക്കും. ഫോൺ : 04936-255084.

## ലോകഭൗമദിനം ആചരിച്ചു

**കേണിച്ചിറ:** കേളമംഗലം സംഘധാര ശുദ്ധജല വിതരണ ശുചിത്വ സൈസൈറ്റി ലോക ഭൗമദിനം ആചരിച്ചു. പഞ്ചായത്ത് അംഗം എ.ഡി. പാർഥൻ ഉദ്ഘാടനം ചെയ്തു. ജോമോൻ അധ്യക്ഷത വഹിച്ചു.

എൻ. മഹേഷ് കുമാർ, കെ.വി. ഷാജി, സുനിപ്രസാദ്, അജി തളണ്ണികൃഷ്ണൻ, ബിന്ദു, കെ.പി. ചന്ദ്രൻ, കേരളൻ എന്നിവർ സംസാരിച്ചു.

## ഭാഗവത സപ്താഹം ഇന്ന് തുടങ്ങും

**പുല്ലള്ളി:** അന്തർദേശീയ രാമായണ പഠന കേന്ദ്രത്തിൻെറ ആഭിമുഖ്യത്തിൽ സീതാ-ലവകുശ ക്ഷേത്രത്തിൽ മൂന്നാമത് ഭഗവതസപ്താഹം ശനിയാഴ്ച മുതൽ മെയ് മൂന്നുവരെ നടത്തുമെന്ന് സംഘാടകർ പത്രസമ്മേളനത്തിൽ അറിയിച്ചു.

പുത്തില്ലം മധുനാരായണൻ നമ്പൂതിരിയാണ് യജ്ഞാചാര്യൻ. യജ്ഞത്തിൽ പങ്കെടുക്കാനെത്തുന്ന മുഴുവനാളുകൾക്കും ഭക്ഷണവും നല്കുമെന്ന് സംഘാടകർ അറിയിച്ചു. പത്രസമ്മേളനത്തിൽ ദേവസ്വം ട്രസ്റ്റി കുപ്പത്തോട് രാജശേഖരൻ നായർ, വി. മധു, എം.കെ. ശ്രീനിവാസൻ, വിക്രമൻ എസ്. നായർ എന്നിവർ പങ്കെടുത്തു.

## ശംസുൽ ഉലമാ സ്കൂളിന് നൂറുമേനി

**വെങ്ങപ്പള്ളി:** സമസ്ത കേരള ഇസ് ലാം മത വിദ്യാഭ്യാസ ബോർഡിൻെറ 2014 സ്കൂൾ വാർഷിക പൊതു പരീക്ഷയിൽ ശംസുൽ ഉലമാ പബ്ലിക് സ്കൂളിന് നൂറു ശതമാനം വിജയം. തുടർച്ചയായ രണ്ടാം തവണയാണ് സ്കൂൾ ഈ നേട്ടം കൈവരിക്കുന്നത്.

വിജയികളെ സ്കൂൾ അധ്യാപകരും മാനേജ്മെൻറും പി.ടി.എ. കമ്മിറ്റിയും അഭിനന്ദിച്ചു. അബ്ദുല്ലക്കോയ അധ്യക്ഷനായിരുന്നു. ഇബ്രാഹിം ഫൈസി പേരാൽ, എ.കെ. സുലൈമാൻ മൗലവി, സലീം പിണങ്ങോട്, ഇബ്രാഹിം ഫൈസി, ശിഹാബുദ്ദീൻ എന്നിവർ സംസാരിച്ചു.

### മുഖ്യമന്ത്രിയെ നേരിൽക്കണ്ട് നിവേദനം നല്കും

# പൂതാടി പഞ്ചായത്തിലെ വന്യമൃഗശല്യം: പരിഹാരം കാണണമെന്ന് സർവകക്ഷിയോഗം

**കേണിച്ചിറ:** പൂതാടി പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ വന്യമൃഗശല്യം പരിഹരിക്കണമെന്ന് സർവകക്ഷിയോഗം ആവശ്യപ്പെട്ടു.

കഴിഞ്ഞ ദിവസം മൂടക്കൊല്ലിയിൽ കാട്ടാനയുടെ ചവിട്ടേറ്റ് മരിച്ച രതീഷിൻെറ കുടുംബത്തിന് പത്തുലക്ഷം രൂപ നഷ്ടപരിഹാരം നല്കണം.

പഞ്ചായത്തിലെ 14 വാർഡുകളിലും വന്യമൃഗശല്യം രൂക്ഷമാണ്. ഇതുവരെ കൈക്കൊണ്ട ഒരു നടപടിയും ജനവാസകേന്ദ്രങ്ങളിൽ വന്യമൃഗശല്യം നിയന്ത്രിക്കുന്നതിന് പര്യാപ്തമല്ല. വനപ്രദേശത്തെയും ജനവാസപ്രദേശങ്ങളെയും വേർതിരിക്കുന്നതിന് കരിങ്കൽ ഭിത്തിയോ കോൺക്രീറ്റ് ഭിത്തിയോ നിർമിക്കണം.

പൂതാടി പഞ്ചായത്തിൽ വന്യമൃഗശല്യവുമായി ബന്ധപ്പെട്ട് ചേർന്ന സർവകക്ഷിയോഗത്തിൽ പി. ധനേഷ്കുമാർ സംസാരിക്കുന്നു

ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ. വിളിച്ചുചേർത്ത യോഗത്തിൽ പഞ്ചായത്ത് പ്രസിഡൻറ് ഐ.ബി. മൃണാളിനി അധ്യക്ഷതവഹിച്ചു. ടി.ബി. സുരേഷ്, ടി. നാരായണൻ, കെ. അലിക്കുഞ്ഞ്, മധു മൂടക്കൊല്ലി, കെ.കെ. വർഗീസ്, എ.ജെ. കുര്യൻ, എ. ദേവകി, എസ്.എൻ. ചന്ദ്രൻ, ടി.പി. ശശി, ഷാൻറി ചേനപ്പാടി, ഡി.എഫ്.ഒ. പി. ധനേഷ്കുമാർ, റെയ്ഞ്ച് ഓഫീസർ രഞ്ജിത്ത് എന്നിവർ സംസാരിച്ചു.

എം.എൽ.എ. രക്ഷാധികാരിയും പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനുമായി കമ്മിറ്റി രൂപവത്കരിച്ചു. സർവകക്ഷി നിവേദകസംഘം മുഖ്യമന്ത്രിയെ നേരിൽക്കണ്ട് നിവേദനം നല്കാനും തീരുമാനിച്ചു.

## സർക്കാർ മദ്യശാലയിൽ ജീവനക്കാർക്ക് 'ചാകര'

**പുല്ലള്ളി:** ബാർഹോട്ടലുകൾ അടച്ചതോടെ സർക്കാർ മദ്യശാലയിൽ ജീവനക്കാർക്ക് ചാകരയെന്ന് നാട്ടുകാർ. താഴെയങ്ങാടിയിലെ ബിവറേജസ് കോർപ്പറേഷൻെറ ചില്ലറ വില്പനശാലയ്ക്ക് മുന്നിൽ ക്യൂ നിൽക്കുന്നവരെ അവഗണിച്ച് പുറമെ ഉള്ളവർക്ക് മദ്യം നൽകുന്നത് പലപ്പോഴും സംഘർഷത്തിന് കാരണമാകുന്നു. ഇതോടെ പോലീസ് ഇടപെടലും സ്ഥിരസംഭവമാവുകയാണ്.

വാഹനങ്ങളിൽ കൊണ്ടുപോയി മദ്യവില്പന നടത്തുന്ന അനധികൃത വ്യാപാരികൾക്ക് ആവശ്യമുള്ള മദ്യം നൽകുന്നതിലൂടെ മാത്രം ഓരോ ജീവനക്കാരനും ആയിരങ്ങളാണത്രെ പ്രതിദിന അധിക വരുമാനം.

കഴിഞ്ഞ കുറേ ദിവസങ്ങളായി ദിവസവും ഓരോ ലോഡ് മദ്യംവീതം വില്പന നടക്കുന്ന മദ്യശാലയാണിത്.

## ഇംഗ്ലീഷ് പരിചയക്ലാസ് തുടങ്ങി

**എകരൂൽ:** ഉണ്ണികുളം ജി.യു.പി. സ്കൂളിൽ പി.ടി.എ.യും ഇംഗ്ലീഷ് ക്ലബ്ബും ചേർന്ന് യു.പി. വിഭാഗം വിദ്യാർഥികൾക്ക് ഇംഗ്ലീഷ് പരിചയപ്പെടുത്തൽ ക്ലാസ് തുടങ്ങി.

പ്രധാനാധ്യാപിക ഒ.കെ. മഹിജ ഉദ്ഘാടനം ചെയ്തു.

## സംരക്ഷണം നൽകണം

**കല്പറ്റ:** വിവരാവകാശനിയമപ്രകാരം വിവരങ്ങൾ അറിയാൻ അപേക്ഷ നൽകുന്ന പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കണമെന്ന് ലാൽ ബഹാദൂർ ശാസ്ത്രി സ്മാരകസമിതി പ്രസിഡൻറ് പി.ജി. ചാക്കോ ആവശ്യപ്പെട്ടു.

അപേക്ഷ നൽകുന്നവർക്കെതിരെയുള്ള ആക്രമണങ്ങൾ രാജ്യത്ത് കൂടിവരികയാണ്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം നിയമനിർമാണം നടത്തണം-അദ്ദേഹം ആവശ്യപ്പെട്ടു.

വൈത്തിരി താലൂക്ക് പ്രവാസി ക്ഷേമ സഹകരണ സംഘം ഓഫീസ് പി. പി. ആലി ഉദ്ഘാടനം ചെയ്യുന്നു

## ഓഫീസ് ഉദ്ഘാടനം ചെയ്തു

**കൽപ്പറ്റ :** വൈത്തിരി താലൂക്ക് പ്രവാസി ക്ഷേമ സഹകരണ സംഘത്തിൻെറ ഓഫീസ് കെട്ടിടം നഗരസഭ ചെയർമാൻ പി.പി. ആലിയും ഓഹരി വിതരണം ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് പി.കെ. അനിൽകുമാറും നിർവഹിച്ചു.

മുനിസിപ്പൽ കൗൺസിലർ ആയിഷ പള്ളിയാൽ അധ്യക്ഷത വഹിച്ചു. പി.ഇ. ഷംസുദ്ദീൻ, മുഹമ്മദലി കണ്ണീരിപ്പിൽ, കെ.പി. സാദത്ത്, പി.വി. ആൻറണി, കെ. നൗഷാദ്, സിദ്ധീഖ് താന്നിക്കാട്, ഷമീർ കുരിക്കൾ, മമ്മുട്ടി കോമ്പി, പി.എ. അബ്ബാസ്, റഫീഖ്ഷാ, ബിനിയാഷിൻ, കെ.വി.നാസർ, കെ. ജസ്ന, റംല കമ്പളക്കാട്, സുനിൽ കുമാർ, ത്രേസ്യാമ്മ, ഷിഫാനത്ത് എന്നിവർ സംസാരിച്ചു. സൊസൈറ്റി പ്രസിഡൻറ് മുജീബ് അമ്പലപ്പുറം സ്വാഗതവും എ.വി. ജിനി നന്ദിയും പറഞ്ഞു.

## കുറഞ്ഞ വേതനം: തെളിവെടുപ്പ് 29-ന്

**കല്പറ്റ:** സംസ്ഥാനത്തെ കടകളിലും വാണിജ്യസ്ഥാപനങ്ങളിലും ജോലിചെയ്യുന്ന തൊഴിലാളികളുടെ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സംസ്ഥാന മിനിമം വേതന ഉപദേശക സമിതി ഏപ്രിൽ 29-ന് 11-ന് കോഴിക്കോട് വ്യാപാരഭവനിൽ തെളിവെടുപ്പ് നടത്തും.

ഈ മേഖലയിൽ ജോലി ചെയ്യുന്ന ജില്ലയിലെ തൊഴിലാളികളും തൊഴിലുടമകൾ/പ്രതിനിധികളും പങ്കെടുക്കണം.

## സൗജന്യ തിമിരശസ്ത്രക്രിയാ ക്യാമ്പ്

**കല്പറ്റ:** പിണങ്ങോട് റോഡിലുള്ള ഡി.എം.വിംസ് അർബൻ ഹെൽത്ത് സെൻററിൽ ദേശീയ അന്ധതാനിവാരണ പദ്ധതിയുടെ ഭാഗമായി ഏപ്രിൽ 28-ന് 10 മുതൽ 1 മണി വരെ സൗജന്യ തിമിരരോഗനിർണയ ക്യാമ്പ് സംഘടിപ്പിക്കും.

തിമിരശസ്ത്രക്രിയ ആവശ്യമാണെങ്കിൽ മേപ്പാടി ഡി.എം. വിംസിൽ സൗജന്യമായി ചെയ്തുകൊടുക്കും. ഫോൺ: 04936-207444

## തിരുവമ്പാടി മഹാവിഷ്ണുക്ഷേത്രം പ്രതിഷ്ഠാ കലശ മഹോത്സവം

**എരുമാട്:** നൂറ്റാണ്ട് പഴക്കമുള്ള, ജീർണാവസ്ഥയിലായിരുന്ന തിരുവമ്പാടി മഹാവിഷ്ണുക്ഷേത്രത്തിൻെറ പുനഃപ്രതിഷ്ഠാ കലശ മഹോത്സവം ഏപ്രിൽ 27 മുതൽ മെയ് അഞ്ചുവരെ നടക്കും.

ശിലാനിർമിതമായിരുന്ന ക്ഷേത്രം പുനർനിർമാണത്തിന് 1979 ൽ നാട്ടുകാരുടെ നേതൃത്വത്തിൽ ട്രസ്റ്റും പൊതുകമ്മിറ്റിയും രൂപവത്കരിച്ച് പുനർനിർമാണം തുടങ്ങി. അന്ന് മുതൽ മാസംതോറും തിരുവോണനാളിൽ മാസപൂജയും മണ്ഡലകാലത്ത് 41 ദിവസം പൂജയും നടത്തിവന്നു.

മഹാനവമി, കൃഷ്ണജയന്തി വേളയിലും പ്രത്യേക പൂജകളുണ്ടായി. ഏപ്രിൽ 27-ന് പത്തു മണിക്ക് സാംസ്കാരിക സമ്മേളനത്തോടെ പുനഃപ്രതിഷ്ഠാ മഹോത്സവത്തിന് തുടക്കംകുറിക്കും. മൂന്നു മണിക്ക് വിഗ്രഹ ഘോഷയാത്ര അരീതിനി ശ്രീ വേട്ടയ്ക്കൊരുമകൻ ഭദ്രകാളി ക്ഷേത്രത്തിൽനിന്നാരംഭിച്ച് അഞ്ചുമണിക്ക് ക്ഷേത്രത്തിലെത്തും. തുടർന്ന് ഗണപതിപൂജ, അങ്കുരാരോപണം, പ്രാസാദശുദ്ധി, അസ്ത്രകലശപൂജ, രാക്ഷോഘ്ന ഹോമം, വാസ്തുഹോമം, വാസ്തുബലി, അത്താഴപൂജ.

തിങ്കളാഴ്ച താന്ത്രിക ക്രിയകൾ ആരംഭിക്കും. രാവിലെ അഞ്ചുമണിക്ക് ഗണപതി ഹോമം, പഞ്ചകാന്ത ശുദ്ധി, പ്രായശ്ചിത്ത ഹോമം, ശാന്തിഹോമം, അദ്ഭുതശാന്തിഹോമം, നാശാന്തി ഹോമം, ചോരശാന്തി ഹോമം. ഒരു മണിക്ക് അന്നദാനം. വൈകുന്നേരം ഹോമം-കലശാഭിഷേകം, ബിംബ പരിഗ്രഹം, ജലാധിവാസം, ഏഴു മണിക്ക് കലാപരിപാടികൾ, അന്നദാനം.

ചൊവ്വാഴ്ച രാവിലെ മുതൽ താന്ത്രിക ക്രിയകൾ, ഒരുമണിക്ക് അന്നദാനം, രാത്രി ഏഴു മണിക്ക് പ്രഭാഷണം, 7.30-ന് കലാപരിപാടികൾ, ഒമ്പത് മണിക്ക് അന്നദാനം. ബുധനാഴ്ച താന്ത്രിക ക്രിയകൾ, 11 മണിക്ക് ആത്മീയ പ്രഭാഷണം-ഡോ. അരവിന്ദാക്ഷമേനോൻ, രാത്രി ഒമ്പത് മണിക്ക് അന്നദാനം. വ്യാഴാഴ്ച ഒരു മണിക്കും രാത്രി ഒമ്പത് മണിക്കും അന്നദാനം. വെള്ളിയാഴ്ച പുലർച്ചെ പരിഹോമം, പ്രസാദ പ്രതിഷ്ഠ, നപുംസക ശിലാപ്രതിഷ്ഠ, പീഠ പ്രതിഷ്ഠ, അധിവാസ പൂജ, 11.19-നും 12.05-നും ഇടയിലുള്ള ശുഭമുഹൂർത്തത്തിൽ ബിംബ പ്രതിഷ്ഠ. തുടർന്ന് കുംഭേശ കലശാഭിഷേകം, നിദ്രാ കലശാഭിഷേകം, ജീവകലശാഭിഷേകം, പ്രതിഷ്ഠാ പായസ നിവേദ്യം, നിത്യപൂജ, മഹാ നിവേദ്യം, പ്രതിഷ്ഠാ ബലി, നിത്യനിദാനം നിശ്ചയിക്കൽ, പ്രതിഷ്ഠാ ദക്ഷിണ എന്നിവ നടക്കും. ഒരു മണിക്കും രാത്രി ഒമ്പത് മണിക്കും അന്നദാനം. 6.30-ന് അക്ഷയദീപത്തോടെ നടയടയ്ക്കൽ.

ശനിയാഴ്ച രാവിലെ താന്ത്രിക ക്രിയകൾ തുടങ്ങും. ഉച്ചയ്ക്ക് ഒരു മണിക്കും രാത്രി ഒമ്പത് മണിക്കും അന്നദാനം. വൈകുന്നേരം ഏഴു മണിക്ക് ബത്തേരി മുരളി മാരാരും സംഘവും അവതരിപ്പിക്കുന്ന സോപാന സംഗീതം.

ഞായറാഴ്ച എട്ടാം ദിവസം താന്ത്രിക ക്രിയകൾ, ഒരു മണിക്കും ഒമ്പത് മണിക്കും അന്നദാനം. വൈകുന്നേരം ഏഴു മണിക്ക് പ്രഭാഷണം, എട്ടു മണിക്ക് കലാപരിപാടികൾ. തിങ്കളാഴ്ച പുലർച്ചെ 4.30-ന് നട തുറക്കൽ, കണി ദർശനം, എണ്ണ കലശാഭിഷേകം, വാകച്ചാർത്ത്, ഹോമ കലശാഭിഷേകം, തത്ത്വകലശാഭിഷേകം, പരികലശാഭിഷേകം, ബ്രഹ്മ കലശാഭിഷേകം, ഉച്ചപൂജ, മഹാനിവേദ്യം, ശ്രീഭൂതബലി, ദക്ഷിണ. ഒരു മണിക്ക് അന്നദാനം.

## ആദിവാസി ഭവനനിർമാണ പദ്ധതികൾ പുനരാരംഭിക്കണം

**കൽപ്പറ്റ:** ജില്ലയിൽ ഫണ്ടില്ലാത്തത് കാരണം നിർത്തിവെച്ച ആദിവാസി ഭവനനിർമാണ പദ്ധതികൾ പുനരാരംഭിക്കണമെന്ന് അഖില കേരള പട്ടികജാതി, പട്ടികവർഗ ഐക്യവേദി സംസ്ഥാന ഭാരവാഹികൾ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

പട്ടികജാതി ഭവനനിർമാണ പദ്ധതികൾ, രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി, ആദിവാസി പ്രത്യേക പാക്കേജ് പുനരധിവാസ ഭവന നിർമാണ പദ്ധതികൾ തുടങ്ങിയവയാണ് ഫണ്ടിൻെറ അപര്യാപ്തതമൂലം നിർത്തിവെച്ചിരിക്കുന്നത്. നിർമാണ സാമഗ്രികൾ കിട്ടാനില്ലാത്തതും ഭവന പദ്ധതികളെ ബാധിച്ചിട്ടുണ്ട്. കസ്തൂരിരംഗൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ജില്ലയിലെ കരിങ്കൽ ക്വാറികളും ക്രഷറുകളും അടച്ചിട്ടതാണ് ഇതിന് കാരണം.

കരിങ്കൽ, മെറ്റൽ, കമ്പി, മണൽ തുടങ്ങിയ നിർമാണ സാമഗ്രികളുടെ വില കുതിച്ചുയരുന്നതിനാൽ, നിലവിൽ അനുവദിച്ച ഫണ്ട്കൊണ്ട് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഭവന നിർമാണത്തിന്, പട്ടികജാതിക്കാർക്ക് മൂന്ന് ലക്ഷം രൂപയും പട്ടികവർഗക്കാർക്ക് നാല് ലക്ഷം രൂപയും അനുവദിക്കണം. ജില്ലയിലെ പൂട്ടിയ ക്രഷറുകളും ക്വാറികളും തുറക്കാൻ നടപടി സ്വീകരിക്കുകയും വേണം.

ജില്ലയിലെ മെഡിക്കൽ കോളേജിൻെറ നിർമാണം യുദ്ധകാലാടിസ്ഥാനത്തിൽ ആരംഭിക്കണം. നിർധനരായ 500 പട്ടികജാതികുടുംബങ്ങൾക്ക് കൃഷിഭൂമി വാങ്ങിക്കാൻ പത്തുലക്ഷം രൂപ വീതം അനുവദിക്കണം. ഫണ്ടിൻെറ അപര്യാപ്തതമൂലം രണ്ടായിരത്തോളം ആദിവാസി വീടുകളുടെ നിർമാണമാണ് മുടങ്ങിക്കിടക്കുന്നത്. ചെയർമാൻ തൈക്കാട് വിജയകുമാർ, ജനറൽ സെക്രട്ടറി ഒ.ജി. ചന്ദ്രൻ, സുരേന്ദ്രൻ മുട്ടത്തറ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# പ്രതിഷ്ഠാദിന മഹോത്സവവും പൊങ്കാല സമർപ്പണവും

**സുൽത്താൻബത്തേരി:** കടൽമാട് ഇരട്ടറക്കൊല്ലി അയ്യപ്പൻ കാവിൽ പ്രതിഷ്ഠാദിന മഹോത്സവവും മേലെ കാവിലെ കിരാത ശിവപാർവതി ദേവിക്ക് പൊങ്കാല സമർപ്പണവും ഏപ്രിൽ 28 മുതൽ 30 വരെ നടക്കും.

പാതിരിശ്ശേരി ഇല്ലത്ത് ശ്രീകുമാരൻ നമ്പൂതിരിപ്പാട് മുഖ്യകാർമികത്വം വഹിക്കും. ഏപ്രിൽ 28ന് രാവിലെ 5 മണിക്ക് ഗണപതിഹോമം, 6 മണി മുതൽ നാല് മണിവരെ അഖണ്ഡനാമയജ്ഞം, രാവിലെ 7.30ന് കൊടിയേറ്റം, തുടർന്ന് വിവിധ പൂജകൾ.

ഒരുമണിക്ക് അന്നദാനം, 4 മണി മുതൽ ചാമുണ്ടേശ്വരി കാവിൽ ദേവിക്ക് പ്രത്യേക പൂജകൾ നടക്കും. 6.30ന് ദീപാരാധന, ചുറ്റുവിളക്ക്, ചൊവ്വാഴ്ച രാവിലെ 5 മണിക്ക് ഗണപതിഹോമം, 11 മണിക്ക് ആധ്യാത്മിക പ്രഭാഷണം, ഒരുമണിക്ക് അന്നദാനം, വൈകുന്നേരം 5 മണിക്ക് പെരുമ്പാടിക്കുന്ന്, കരിങ്ങലോട്, കടൽമാട്, കാട്ടിക്കൊല്ലി, എന്നിവടങ്ങളിൽ നിന്നും എത്തുന്ന കാഴ്ചവരവ് പെരുമ്പാടിക്കുന്ന് കവലയിൽ നിന്ന് ഒന്നായി കടൽമാട് പാലം കവലയിൽ എത്തി ക്ഷേത്രത്തിലേക്ക് തിരിച്ചെഴുന്നള്ളത്ത്.

6.30ന് ദീപാരാധന ചുറ്റുവിളക്ക്, രാത്രി 9 മണിക്ക് അന്നദാനം, ബുധനാഴ്ച രാവിലെ 5 മണിക്ക് ഗണപതിഹോമം, മൃത്യുഞ്ജയ ഹോമം, 7 മണിക്ക് മേലെ കാവിൽ നാഗപൂജ, തുടർന്ന് പൊങ്കാല അടുപ്പിലേക്ക് പകർച്ചയും, പൊങ്കാല ഒരുക്കവും 11 മണിക്ക് നവകം, പഞ്ചഗവ്യം, അഭിഷേകം തുടർന്ന് പൊങ്കാല സമർപ്പണം. ഒരു മണിക്ക് അന്നദാനം. രാത്രി 8 മണിക്ക് വിളക്കിനെഴുന്നള്ളത്ത്. തുടർന്ന് മുരളി ധരമാരാരുടെ നേതൃത്വത്തിൽ തായമ്പക.


എച്ചഎൽഎൽ ലൈഫ്കെയർ ലിമിറ്റഡ് (भारत सरकार का उद्यम) HLL Lifecare Limited (A Government of India Enterprise)
CIN: U25193 KL 1966 GOI 002621
Infrastructure Development Division, "ADARSH", TC 6/1718(1), Vettamukku, Thirumala P.O, Thiruvananthapuram -695 006. Ph:0471-2365872, Fax:0471-2368144
Tender no. HLL/ID/14/32 (Retender) 26/04/2014

NOTICE INVITING TENDER

HLL invites sealed item rate tender from eligible Contractors for the following work.

| Name of Work | PAC | Date of opening of Tender |
|---|---|---|
| Additional works in Silver Jubilee Block at NIIST, Thiruvananthapuram | ₹ 49,99,147/- | 06.05.2014 |

For further details visit our website, www.lifecarehll.com or Central Public Procurement Portal. Any subsequent changes/amendments will be published only on website.

Deputy Vice President (Technical)

स्वस्थ पीढ़ियों के लिए नवान्वेषण | Innovating for Healthy Generations



ROADS AND BRIDGES DEVELOPMENT CORPORATION OF KERALA LTD.
(A Government of Kerala Undertaking)
2nd Floor, Preethi Building, M.V. Road, Palarivattom, Kochi-682 025.
Ph: 0484 - 2338205, 2338206, Fax: (91-484) 2533294
Email: rbdckltd@gmail.com, Website www.rbdck.com

Bid Notice. No.RBDCK/UF/15/2014 Date: 24.04.2014

TENDER

INVITATION FOR BIDS FOR COLLECTION OF USER FEE ON CONTRACT BASIS FOR A PERIOD OF ONE YEAR FROM ROAD OVER BRIDGES AT PARAPPANANGADI (MALAPPURAM DISTRICT) AND PAYYANNUR (KANNUR DISTRICT)

| Sl. No. | Name of the ROB | Earnest Money Deposit (EMD) (Rs) | Cost of Bid Document (Rs) | Last date of bid submission | Date of opening of bid | Period of contract |
|---|---|---|---|---|---|---|
| 1. | Payyannur | 1,00,000/- | 1,250/- | 12.05.2014 up to 05.00 pm | 13.05.2014 11.00 am | 02.06.2014, 12.00 noon to 02.06.2015, 12.00 noon |
| 2. | Parappanangadi | 1,00,000/- | 1,250/- | 12.05.2014 up to 05.00 pm | 13.05.2014 11.00 am | 09.06.2014 12.00 noon to 09.06.2015 12.00 noon |

Contractors having a minimum of B -Class contractor Licence of Kerala PWD will be eligible to bid for the work. Tender documents can be down loaded from the website of RBDCK, www.rbdck.com. The filled in tender documents should be submitted to RBDCK by post/courier service, addressed to The Administrative Officer, Roads and Bridges Development Corporation of Kerala Ltd, 2nd Floor, Preethi Buildings, M.V.Road, Palarivattom, Kochi-682 025. Separate DDs for the cost of tender document and EMD should be enclosed with the tender document. Tender will not be accepted directly. RBDCK will not be responsible for any delay in receiving the tender documents. Tender received late and incomplete tender documents submitted will be rejected. The Tender shall be submitted in sealed envelopes super-scribed with the words **Tender No. RBDCK/UF/15/2014-PARAPPANANGADI/PAYYANNUR.**

Sd/-, Managing Director



DEPARTMENT OF TOURISM
GOVT. OF KERALA
Thiruvananthapuram

KITCO Ltd.,
(Established by Government of Kerala & IDBI)
Femith's, P.B.No:4407, Puthiya Road, NH Bypass, Vennala, Kochi-682028
Ph: 0484-4129000

RE-E-TENDER NOTICE

For and on behalf of Department of Tourism, Government of Kerala, KITCO invites sealed superscribed tenders in the prescribed forms from eligible contractors possessing appropriate class registration in CPWD/PWD/State/Central Govt. undertakings for the following works.

| Sl.No. | Name of Work | PAC (approx) Rs. in lakhs | EMD (Rs.) | Tender cost + tax @ 5% (Rs.) |
|---|---|---|---|---|
| 1 | Civil works for the Development of Velliyamkallu in Thirthala, Palakkad as a Tourist Destination | 115 | 2,87,500/- | 17,300 /- |
| 2 | Civil works for the Development of Jews Memorial, Mala | 130 | 3,25,000/- | 19,500/- |
| 3 | Civil works for the Construction of Tourism Facilitation Centre cum Watch Tower at Kuttikkanam | 56 | 1,40,000/- | 8,400/- |
| 4 | Balance Civil works for the Renovation of Kesari Balakrishna Pillai's Residence at North Paravur | 40 | 50,000/- | 6,000/- |
| 5 | Civil works for the Uplifting of Thakazhi Memorial Museum at Alappuzha-Phase I | 35 | 50,000/- | 5,400/- |
| 6 | Design, Supply, Testing and Commissioning of Shikkara Boats at Alappuzha | 80 | 2,00,000/- | 12,000/- |

For more details on the tender and bidding process you may please visit http://etenders.kerala.gov.in. The last date for submission of tender document is up to 05.05.2014 at 3.00 pm.

(Sd/-)
Managing Director
KITCO LTD

Place : Kochi
Date : 26.04.2014



സർവീസിൽനിന്നും നീക്കംചെയ്യുകൊണ്ടുള്ള ഉത്തരവ്
ഹാജർ : ശ്രീ. ജെ. രജികുമാർ, ഡയറക്ടർ

സംസ്ഥാന പുരാരേഖാ വകുപ്പ് - റീജിയണൽ ആർക്കൈവ്സ്, കോഴിക്കോട് - മെൻറർ ശ്രീ. പി.എസ്. വിനോദിനെ സർക്കാർ സർവീസിൽ നിന്നും താൽക്കാലികമായി നീക്കംചെയ്യുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ ഇ2-3449/2013/എസ്എ. തിയതി : 12.03.2014

സൂചന : 1) കോഴിക്കോട് റീജിയണൽ ആർക്കൈവ്സ് സൂപ്രണ്ടിൻെറ 19.07.2013 ലെ ഇ-728/2013/എസ്.എ നമ്പർ റിപ്പോർട്ട്
2) ഈ ഓഫീസിലെ 09.09.2013 ലെ ഇതേ നമ്പർ മെമ്മോ
3) ഈ ഓഫീസിലെ 22.11.2013ലെ ഇതേനമ്പർ കുറ്റപത്രവും കുറ്റാരോപണ പത്രികയും
4) മെൻറർ ശ്രീ. പി.എസ്. വിനോദിൻെറ 10.12.2013ലെ സമർപ്പണം.
5) ഈ ഓഫീസിലെ 7.2.2014 ലെ ഇതേ നമ്പർ കാരണംകാണിക്കൽ നോട്ടീസ്

സംസ